# GOVERNMENT OF KERALA

**Abstract**

Electronics & Information Technology Department - Establishment of Work Near Home centers under Government IT Parks - In-principle sanction accorded - Orders Issued.

## ELECTRONICS AND INFORMATION TECHNOLOGY (A) DEPARTMENT

G.O.(Ms)No.4/2023/ITD Dated,Thiruvananthapuram, 02-02-2023

Read:- Letter No. INFOPARK/453/2022 dated 18.04.2022 from the Chief Executive Officer, IT Parks.

## ORDER

In the Budget speech for 2022-23, it has been mentioned that, like work from home, Work Near Home concept is also getting acceptance and therefore an amount of Rs. 50 Crore is earmarked for Work Near Home (WNH)Project.

2. The Chief Executive Officer, Government IT Parks has accordingly submitted proposal to the Government for according sanction for the establishment of Work Near Home Centres at various places in the State and as first stage to start 2 pilot projects at Kochi and Kottayam. Work Near Home model is getting more relevant in post COVID scenario. The model envisages utilizing existing facilities away from established IT parks, by fitting out IT spaces, between 5000 sq ft and 50,000 sq ft in area. The IT workspaces will be plug and play facilities with Plug & Play office and Co-working spaces, Meeting rooms, Conference Room & Training Room, Coffee lounge/Restaurant, Seamless Internet Connectivity - wired/WiFi, Uninterrupted power, Air Condition, Video/Audio Conference facilities and meeting rooms, Front desk with Wireless Printer, Copy & Scanner and 24x7 Surveillance & Security. The look and feel of all centers will be similar and the centers will be known as W-Room. Implementation of the project will help achieve the following objectives:

1. Improve the working convenience of employees in IT/ITES industry.
2. Attract companies and employees outside Kerala to Kerala.
3. Stimulate the IT industry environment in Kerala.
4. Create seamless and flexible future workspaces.
5. Generate employment opportunities.

3. Government have examined the matter in details and are pleased to accord In-principle sanction for setting up of Work Near Home Centers (W-Room) at various places in the State under Government IT Parks.

(By order of the Governor)
DR RATHAN U KELKAR I A S
SECRETARY

To:
The Chief Executive Officer, Infopark
The Chief Executive Officer, Technopark
The Chief Executive Officer, Cyberpark
The Accountant General (A&E/Audit), Kerala, Thiruvananthapuram
Planning & Economic Affairs (A) Department
(vide U.O.No.PLGEA-A2/164/2022-PLGEA dated 11.07.2022)
Finance Department
(vide U.O.No.PU-D3/131/2022/FIN dated 25.11.2022)
General Administration (SC) Department
(Vide Item No...... dated 01.02.2023)
I & PRD, Web & New Media (for uploading in the Govt. website)
Stock File/ Office Copy.

Forwarded /By order
Signed by
Mathew John
Section Officer
Date: 03-02-2023 10:39:31

***രഹസ്യം***

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 01-02-2023**

ഫയൽ നം. ഐ.ടി.-എ1/79/2022/ഇ&ഐടിഡി. ഇനം നം: 1349

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ വർക്ക് നിയർ ഹോം സെന്ററുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1). അംഗീകരിച്ചു.

(2). വീണ്ടും പരിശോധിച്ചശേഷം അനുയോജ്യമായ പ്രൊപ്പോസൽ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടു വരേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

1349

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.ഐ.ടി.-എ 1/79/2022/ഇ&ഐടിഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | ഇ&ഐ.ടി - സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ വർക്ക് നിയർ ഹോം സെന്ററുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04/01/2023 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | രാജേഷ് കുമാർ എം. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. രത്തൻ യു കേൽകർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19/01/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/01/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യ മന്ത്രി അംഗീകരിച്ച തീയതി | : | 29/01/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30/01/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

സർക്കാർ ഐ.ടി പാർക്കുകൾക്ക് കീഴിൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ വർക്ക് നിയർ ഹോം സെന്ററുകൾ സ്ഥാപിക്കുന്നതിന് ഐ.ടി. പാർക്കുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച നിർദ്ദേശത്തിന് തത്ത്വത്തിൽ അംഗീകാരം നൽകുന്നതിനും പദ്ധതിയുടെ പ്രാരംഭ ഘട്ടം നടപ്പിലാക്കുന്നതിന് മന്ത്രിസഭയുടെ അനുമതി തേടുന്നതിനുമാണീ കുറിപ്പ്.

2. വർക്ക് ഫ്രം ഹോം പദ്ധതി പോലെ വർക്ക് നിയർ ഹോം എന്ന ആശയത്തിനും സ്വീകാര്യത ലഭിക്കുന്നുണ്ടെന്നതിനാൽ വർക്ക് നിയർ ഹോം (WNH) പദ്ധതിയ്ക്കായി 50 കോടി രൂപ വകയിരുത്തിയതായി 2022-23 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. കൊച്ചിയിൽ ഇത്തരം സൗകര്യങ്ങൾക്ക് ആവശ്യക്കാർ കൂടുതലായതിനാൽ കൊച്ചിയിൽ 25 കോടി രൂപ ചെലവിൽ ഒരു വർക്ക് നിയർ ഹോം സൗകര്യവും കോട്ടയത്ത് എം.ജി യൂണിവേഴ്സിറ്റിയുടെയോ മറ്റ് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ കീഴിലുള്ള സ്ഥലത്ത്, 4.5 കോടി രൂപ ചെലവിൽ ഒരു പ്രാരംഭ വർക്ക് നിയർ ഹോം സൗകര്യവുമായാണ് ഈ ആശയം പരീക്ഷണ ഘട്ടത്തിൽ നടപ്പിലാക്കുവാൻ ഐ.ടി. പാർക്കുകളുടെ സി.ഇ.ഒ. നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലങ്ങളിൽ പരീക്ഷണ ഘട്ടത്തിൽ പദ്ധതി നടപ്പാക്കാൻ സി.ഇ.ഒ. 29.5 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. പരീക്ഷണം വിജയകരമാണെങ്കിൽ പാലക്കാട്ടും കൊട്ടാരക്കരയും WNH സൗകര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കും.

3. കോവിഡാനന്തര ഐ.ടി മേഖലയുടെ മാറിയ തൊഴിൽ സാഹചര്യത്തിൽ വർക്ക് നിയർ ഹോം മോഡൽ കൂടുതൽ പ്രസക്തമാകുന്നതിനാൽ, ഇത് നടപ്പിലാക്കുന്നത് താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കും.

1. ഐ.ടി/ ഐടിഇഎസ് മേഖലയിലെ ജീവനക്കാരുടെ പ്രവർത്തന സൗകര്യം മെച്ചപ്പെടുത്തുക.

2. കേരളത്തിന് പുറത്തുള്ള കമ്പനികളെയും ജീവനക്കാരെയും കേരളത്തിലേക്ക് ആകർഷിക്കുക.

3. കേരളത്തിലെ ഐ.ടി വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുക.

4. തടസ്സമില്ലാത്തതും രൂപപ്പെടുത്താവുന്നതുമായ ഭാവി വർക്ക്സ്പെയിസുകൾ സൃഷ്ടിക്കുക.

5. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

4. നിലവിലെ മൂന്ന് സർക്കാർ ഐ.ടി പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് 5000 മുതൽ 50,000 വരെ ചതുരശ്ര അടി വിസ്തൃതിയിൽ ഐ.ടി സ്പെയിസുകൾ സജ്ജീകരിക്കുന്നതാണ് നിർദ്ദിഷ്ട വർക്ക് നിയർ ഹോം മാതൃക. പ്ലഗ് & പ്ലേ ഓഫീസ്, കോവർക്കിംഗ് സ്പെയിസ്, മീറ്റിംഗ് റൂമുകൾ, കോൺഫറൻസ് റൂം, ട്രെയിനിംഗ് റൂം, കോഫി ലോഞ്ച്/ റസ്റ്റോറന്റ്, സീംലെസ് ഇന്റർനെറ്റ് കണക്ടിവിറ്റി - വയേർഡ്/ വൈഫൈ, അൺഇന്ററപ്റ്റഡ് പവർ സപ്ലൈ, എയർ കണ്ടീഷൻ, വീഡിയോ/ ഓഡിയോ കോൺഫറൻസ് ഫെസിലിറ്റികൾ, വയർലെസ് പ്രിന്റർ, സ്കാനർ

എന്നിവയോടു കൂടിയ ഫ്രണ്ട് ഡെസ്ക്, 24x7 മണിക്കൂറും പ്രവർത്തിക്കുന്ന സർവൈലൻസ് & സെക്യൂരിറ്റി എന്നിവയുൾപ്പെടുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്യപ്പെടുന്നത്. W Room എന്നറിയപ്പെടുന്ന പ്രസ്തുത കേന്ദ്രങ്ങൾ കാഴ്ചയിലും അനുഭവത്തിലും സമാനമായിരിക്കും. കൊച്ചിയിലെ മെട്രോ റെയിലിന്റെ സൗത്ത് സ്റ്റേഷൻ ബിൽഡിംഗിൽ W Room സ്ഥാപിക്കാൻ ഇൻഫോപാർക്ക് പദ്ധതിയിടുന്നു. പ്രസ്തുത കേന്ദ്രത്തിന് ആകെ വിസ്തീർണ്ണം 48,000 ചതുരശ്ര അടിയാണ്. റെയിൽ, റോഡ്, കൊച്ചി മെട്രോ എന്നിവയിലൂടെ ഈ സൗകര്യം ഫലവത്തായി ബന്ധിപ്പിക്കുവാൻ സാധിക്കും. 25 കോടി രൂപയാണ് W Room സ്ഥാപിക്കുന്നതിന് ചെലവ് കണക്കാക്കുന്നത്.

5. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ താഴെ താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു -

*" 1. This is a programme announced in the budget speech. No amount is allotted for the programme in the Budget Estimate. So Administrative Department may move for SDG/ Additional Authorization/ Re-appropriation for the amount.*

*2. Administrative Sanction for the programme may be given with the concurrence of Finance Department."*

6. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"Finance agrees to the proposal of AD in principle.*

*This has the approval of the Hon'ble Minister( Finance)"*

7. ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിയ്ക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട കാര്യം

1. സർക്കാർ ഐ.ടി പാർക്കുകൾക്ക് കീഴിൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ വർക്ക് നിയർ ഹോം സെന്ററുകൾ (W Room) സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കാമോ.

2. പ്രാരംഭ ഘട്ടത്തിൽ, കൊച്ചിയിലെ മെട്രോ റെയിലിന്റെ സൗത്ത് സ്റ്റേഷൻ ബിൽഡിംഗിൽ 25 കോടി രൂപ ചെലവിൽ W Room സ്ഥാപിക്കുന്നതിന് അംഗീകാരം നൽകാമോ.